# പ്രസിഡന്റ് രാജ്യം വിട്ടു; യമൻ വഴിത്തിരിവിൽ



**'ഞാൻ** നിങ്ങളെ ഭരിക്കും അല്ലെങ്കിൽ വധിക്കും' എന്ന് പ്രഖ്യാപിച്ച് അധികാരക്കസേരയിൽ അള്ളിപ്പിടിച്ചിരുന്ന അറബ് ഭരണാധികാരികളിൽ മൂന്നാമനും സ്ഥാനം വിട്ടൊഴിഞ്ഞു. തുനീഷ്യയിലെ ബിൻ അലിക്കും ഈജിപ്തിലെ ഹുസ്നി മുബാറക്കിനും പിന്നാലെ യമനിലെ അലി അബ്ദുല്ല സ്വാലിഹിനും നിർബന്ധിത സാഹചര്യത്തിൽ അധികാരക്കസേര കൈയൊഴിയേണ്ടി വന്നത് പൊതുജന പ്രക്ഷോഭത്തിന്റെ നേട്ടമായി വിലയിരുത്തപ്പെടുന്നു.

പരിക്കോടെയാണെങ്കിലും തടിരക്ഷപ്പെടുത്താനായത് അലി അബ്ദുല്ല സ്വാലിഹിന്റെ ഭാഗ്യം. റിപ്പബ്ലിക്കൻ കൊട്ടാര അങ്കണത്തിലുള്ള പള്ളിയിൽ പോലും ആക്രമണം നടത്താനും പ്രസിഡന്റിന്റെ നെഞ്ചിനും തലക്കും സാരമായി പരിക്കേൽപിക്കാനും ഭരണത്തിൽ ഉന്നതരായ ഏതാനും പേരെ വധിക്കാനും പ്രതിയോഗികൾക്ക് കഴിഞ്ഞെങ്കിൽ പിന്നെ എവിടെയാണ് സർക്കാറിന്റെ സുരക്ഷാസംവിധാനം എന്ന ചോദ്യം ബാക്കിയാവുന്നു. തന്ത്രപ്രധാന സർക്കാർ കെട്ടിടങ്ങൾ പോലും വിപ്ലവകാരികളുടെ അധീനതയിലാണ്.


ചോറ്റുപട്ടാളത്തെ ഉപയോഗിച്ച് സ്വന്തം ജനതയെ താൻ അനുഭവിപ്പിച്ച ശാരീരീക പീഡനത്തിന്റെ മുറിവുകൾ അക്ഷരാർഥത്തിൽ നെഞ്ചിൽ ഏറ്റുവാങ്ങിക്കൊണ്ടാണ് പ്രത്യേക വൈദ്യവിമാനത്തിൽ അലി അബ്ദുല്ല സ്വാലിഹ് ചികിത്സക്കായി സുഊദി തലസ്ഥാനത്തെത്തിയത്. ശസ്ത്രക്രിയകൾ വിജയകരമാണെന്നും ചികിത്സ കഴിഞ്ഞ് രണ്ടാഴ്ചക്കകം പ്രസിഡന്റ് സ്വദേശത്ത് തിരിച്ചെത്തുമെന്നും യമൻ അധികൃതർ വ്യക്തമാക്കുന്നുണ്ടെങ്കിലും അത്തരം ഒരു മടക്കം അനുവദിക്കില്ലെന്ന നിശ്ചയദാർഢ്യത്തിലാണ് വിപ്ലവകാരികൾ.

പ്രസിഡന്റിന്റെ അസാന്നിധ്യം ജനാധിപത്യത്തിലേക്കുള്ള മാറ്റത്തിന് അവസരമായി ഉപയോഗപ്പെടുത്തണമെന്നതാണ് അമേരിക്ക ഉൾപ്പെടെയുള്ളവർ ആവശ്യപ്പെട്ടിട്ടുള്ളത്. അടിയന്തര ഘട്ടത്തിൽ സ്ഥാനമേറ്റ വൈസ് പ്രസിഡന്റ് അബ്ദുർറബ്ബ് മൻസൂർ ഹാദിയുടെ നേതൃത്വം താൽക്കാലികമായി അംഗീകരിക്കാൻ വിപ്ലവകാരികൾ തയാറായിട്ടുണ്ട്. അതിനാലാണ് അദ്ദേഹം പ്രഖ്യാപിച്ച വെടിനിർത്തൽ പാലിക്കാൻ വിപ്ലവത്തിലെ പ്രമുഖ ഗോത്രമായ അൽ അഹ്മർ തലവൻ സാദിഖ് അൽഅഹ്മർ നിർദേശിച്ചത്.

പ്രസിഡന്റ് രാജ്യം വിട്ടതോടെ യമൻ പുതിയ വഴിത്തിരിവിലാണ് എത്തിനിൽക്കുന്നത്. യുക്തമായി കൈകാര്യം ചെയ്തില്ലെങ്കിൽ കൂടുതൽ രൂക്ഷമായ പോരാട്ടത്തിലേക്ക് നീങ്ങാൻ പോലും ഈ അരക്ഷിതാവസ്ഥ കാരണമയേക്കുമെന്ന് നിരീക്ഷിക്കുന്നവരുമുണ്ട്. ഗോത്രവർഗാധിഷ്ഠിതമാണ് യമനിന്റെ രാഷ്ട്രീയ സാംസ്കാരിക പശ്ചാത്തലം എന്നതാണ് പ്രശ്നപരിഹാരത്തിന് ഏറെ പ്രയാസം സൃഷ്ടിക്കുന്നത്. ഗോത്രവർഗ പിൻബലമുള്ള വിപ്ലവകാരികൾ തെരുവിൽ ഒന്നിക്കുന്നുണ്ടെങ്കിലും രാഷ്ട്രീയ ലക്ഷ്യത്തിൽ ഐക്യപ്പെടുന്നില്ലെന്നതിനാലാണ് ബദൽ സംവിധാനം ഭിന്നിപ്പിലേക്ക് വഴുതുന്നത്. രണ്ട് പതിറ്റാണ്ട് മുമ്പ് ഏകീകരിച്ച യമനുകൾ വേർപിരിയണമെന്ന് വരെ വാദിക്കുന്നവർ വിപ്ലവകാരികളിലുണ്ട്. ഫെഡറൽ സംവിധാനം നിലവിൽ വരണമെന്നതാണ് മറ്റു ചിലരുടെ ആവശ്യം. അലി അബ്ദുല്ല സ്വാലിഹ് സ്ഥാനമൊഴിയണമെന്ന കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായതിനാലാണ് പരിക്കേറ്റ പ്രസിഡന്റ് രാജ്യം വിട്ട ദിവസം പൊതുജനം ഉത്സവ പ്രതീതിയോടെ ആഘോഷിച്ചത്. ഗോത്രപിന്തുണ മുതലെടുത്താണ് സമർഥനായ അലി അബ്ദുല്ല സ്വാലിഹ് കഴിഞ്ഞ 33 വർഷം ഭരണം നടത്തിയത്. മക്കളിലേക്ക് നേതൃത്വം കൈമാറാനും അദ്ദേഹത്തിന് പദ്ധതിയുണ്ടായിരുന്നു. എന്നാൽ, രാഷ്ട്രനിർമാണത്തിലോ പുരോഗതിയിലോ പൗരന്മാരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിലോ ഒന്നും ചെയ്യാൻ അബ്ദുല്ല സ്വാലിഹിന് കഴിയാതിരുന്നതാണ് പൊതുജനത്തിന്റെ അതൃപ്തി ക്ഷണിച്ചുവരുത്തിയത്.

സുഊദി മധ്യസ്ഥമാണ് പ്രശ്ന

പരിഹാരത്തിന് ഭൂരിപക്ഷം വിഭാഗങ്ങൾക്കും സ്വീകാര്യമായിട്ടുള്ളത്. ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി) സെക്രട്ടറി ജനറൽ അബ്ദുല്ലത്വീഫ് അസ്സയ്യാനി മുന്നോട്ടുവെച്ച നേതൃമാറ്റം മുന്നിൽ കണ്ടുള്ള സമാധാന കരാറാണ് ഈ അവസ്ഥയിൽ നടപ്പിൽ വരിക. എന്നാൽ, തന്റെ ഗോത്രം എന്ന സങ്കൽപത്തിൽ നിന്ന് രാഷ്ട്രം എന്ന വിഭാവനയിലേക്ക് പൊതുജനങ്ങളും ഗോത്ര നേതൃത്വവും ഉയർന്നാൽ മാത്രമേ യമനിൽ പ്രശ്നപരിഹാരത്തിന് വഴിയൊരുങ്ങൂ. യഥാർഥത്തിൽ സൈന്യത്തിനല്ല, ഗോത്രത്തിനാണ് യമനിൽ ശക്തി. എല്ലാ ഗോത്രങ്ങൾക്കും അർധസൈനിക വിഭാഗവുമുണ്ട് എന്നതിനാലാണ് വെടിനിർത്തൽ പ്രഖ്യാപിച്ച ശേഷവും തഅസ് നഗരത്തിൽ ചില ഏറ്റുമുട്ടലുകൾ നടന്നത്. ഗോത്രത്തിനകത്തുപോലും ഉപവിഭാഗങ്ങൾ വിവിധ ലക്ഷ്യക്കാരാണ്. ഏറ്റവും വലിയ പ്രതിപക്ഷ ഗോത്രമായ അൽഅഹ്മർ ഗോത്രത്തിനകത്തുപോലും ചേരിതിരിവ് പ്രകടമാണ്. മുതിർന്ന സഹോദരനായ സാദിഖ് അൽഹ്മറിനാണ് പാരമ്പര്യ നേതൃത്വമെങ്കിലും രാഷ്ട്രീയ സ്വാധീനം ഹമീദ് അൽഹ്മറിനാണ്.



■ പരിക്കേറ്റ അബ്ദുല്ല സ്വാലിഹ് ചികിത്സയിൽ

പ്രതിസന്ധിക്ക് സത്വരപരിഹാരം കണ്ട് സമാധാനം പുനഃസ്ഥാപിക്കുക എന്നതാണ് ഇപ്പോൾ യമനിൽ ആവശ്യമായിട്ടുള്ളത്. ഗൾഫ് രാജ്യങ്ങൾ ഒന്നാമതായും അറബ് രാജ്യങ്ങൾ രണ്ടാമതായും മുസ്‌ലിം രാജ്യങ്ങൾ മൂന്നാമതായും സന്ദർഭത്തിനൊത്തുയർന്ന് തങ്ങളുടെ ബാധ്യത നിറവേറ്റണമെന്ന ആവശ്യമാണ് വിവിധ വേദികളിൽ നിന്ന് ഉയർന്നുവരുന്നത്.

**അസ്ഹർ പുള്ളിയിൽ**

## കോപ്റ്റുകളെ തളർത്തിയത് രഹസ്യ ധാരണകൾ



■ ഡോ. റഫീഖ് ഹബീബ്

**നാടുവിട്ട** ഏകാധിപതി ഹുസ്നി മുബാറക്കുമായി ഈജിപ്തിലെ കോപ്റ്റിക് ക്രിസ്ത്യൻ ചർച്ച് ഉണ്ടാക്കിയ രഹസ്യ ധാരണകളാണ് അവിടത്തെ ക്രൈസ്തവ സമൂഹത്തെ രാഷ്ട്രീയമായി തളർത്തിയതെന്ന് പ്രമുഖ ക്രിസ്ത്യൻ ചിന്തകനും ഇഖ്‌വാന്റെ രാഷ്ട്രീയ വിംഗായ ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടിയുടെ ഉപാധ്യക്ഷനുമായ ഡോ. റഫീഖ് ഹബീബ് പറഞ്ഞു. *അശ്ശർഖുൽ ഔസത്* പത്രവുമായി നടത്തിയ അഭിമുഖത്തിലാണ് ഇക്കാര്യം അദ്ദേഹം വിശദീകരിച്ചത്. ഇത്തരം രഹസ്യ ധാരണകൾ കാരണമാണ് കോപ്റ്റുകൾക്ക് ശക്തമായ ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കാൻ കഴിയാതെ പോയത്. ഇസ്‌ലാം സ്വീകരിക്കുന്ന കോപ്റ്റ് വനിതകളെ പിടിച്ചുവെക്കാൻ മുബാറക് ഗവൺമെന്റ് ചർച്ചിന് രഹസ്യാനുമതി നൽകിയിരുന്നു. അങ്ങനെയുള്ള നിരവധി സംഭവങ്ങളും ഉണ്ടായി. പകരം തന്റെ മകന് അധികാരം കൈമാറാനുള്ള ശ്രമത്തെ ചർച്ച് പിന്തുണക്കണമെന്നാണ് മുബാറക് ഉപാധി വെച്ചത്. ചർച്ച് ആ വ്യവസ്ഥ അംഗീകരിക്കുകയായിരുന്നു.

ഇഖ്‌വാനെയും അതിന്റെ നേതൃത്വത്തെയും 20 വർഷമായി താൻ വളരെ അടുത്ത് നിന്ന് നിരീക്ഷിച്ച് വരികയായിരുന്നുവെന്നും അതാണ് താൻ ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടിയിൽ ചേരാൻ കാരണമായതെന്നും റഫീഖ് ഹബീബ് പറഞ്ഞു. പാർട്ടിയുടെ വിദേശകാര്യ ചുമതലകളാവും അദ്ദേഹം നിർവഹിക്കുക.

# പുതിയ പ്രതീക്ഷകളോടെ ഈജിപ്ത്

**സ്വേഛാധിപത്യത്തിന്റെ** നിറവിൽ സ്വന്തം ജനതക്കൊപ്പം അയൽ രാജ്യത്തെ ജനങ്ങളെയും ഞെരിച്ചുകൊന്ന മുബാറക് യുഗത്തിന് ശേഷം ഗസ്സക്കാർക്ക് ശുഭപ്രതീക്ഷകൾ നൽകുന്നതായിരുന്നു അടുത്ത കാലത്തെ സംഭവവികാസങ്ങൾ. ഗസ്സയിലെ ജനജീവിതം പൊറുതിമുട്ടിച്ച്, പോർക്കളങ്ങളിൽ അവരെ അടിയറവ് പറയിപ്പിക്കാമെന്ന വ്യാമോഹത്തിൽ മുൻ ഈജിപ്ത് പ്രസിഡന്റ് ഹുസ്നി മുബാറകിന്റെ നേതൃത്വത്തിൽ അടിച്ചേൽപ്പിച്ച റഫാ അതിർത്തിയിലെ പ്രവേശന വിലക്ക് ഈജിപ്തിലെ വിപ്ലാവനന്തര സർക്കാറിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തത് മേഖലയിലെ പുതിയ മാറ്റങ്ങളിലേക്കുള്ള വ്യക്തമായ സൂചനയാണ്. 2006-ൽ ഫലസ്തീൻ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടെ വിജയിക്കാൻ ഹമാസിന് കഴിഞ്ഞെങ്കിലും പിന്നീട് ഇസ്രയേലും ഈജിപ്ത് ഉൾപ്പെടെയുള്ള സയണിസ്റ്റ് സൗഹൃദ രാജ്യങ്ങളും ചേർന്ന് നടത്തിയ നാടകങ്ങൾക്കൊടുവിൽ ഹമാസിന്റെ ഭരണമേഖല ഗസ്സയിൽ മാത്രമായി ചുരുങ്ങുകയായിരുന്നു. ഇങ്ങനെ ഹമാസിന്റെ മനോവീര്യം തകർക്കാനായിരുന്നു ശ്രമം. ഉപരോധത്തിലൂടെ മുഴുവൻ ജനങ്ങളെയും ശ്വാസം മുട്ടിച്ച് അവരെ ഹമാസിനെതിരെ തിരിച്ചുവിടാൻ കഴിയുമെന്നായിരുന്നു കണക്കുകൂട്ടലുകൾ.

ഇതിനായി മുബാറകും സംഘവും ഇസ്രയേൽ നിയന്ത്രണത്തിലല്ലാതിരുന്ന, ഗസ്സയിലേക്കുള്ള ഏക അതിർത്തിയായിരുന്ന റഫാ ബോർഡറിലൂടെയുള്ള പ്രവേശനം നിരോധിക്കുകയായിരുന്നു. ഇസ്രയേലിന്റെ ഇംഗിതത്തിനൊത്ത് ഈജിപ്ത് അടിച്ചേൽപ്പിച്ച പ്രവേശന വിലക്ക് കഴിഞ്ഞ നാല് വർഷം ഗസ്സയിലെ പൗരന്മാരുടെ ജനജീവിതത്തെ സാരമായി ബാധിച്ചു. മരുന്നും ഭക്ഷണവും നിഷേധിച്ച് ഗസ്സയിലെ ജനങ്ങളെ കൂട്ടത്തോടെ പീഡിപ്പിച്ചത് രാജ്യാന്തര മനുഷ്യാവകാശ പ്രവർത്തകരുടെ കണ്ണ് തുറപ്പിച്ചു. ഇതോടെ സഹായഹസ്തവുമായി പലരും മുന്നോട്ട് വന്നെങ്കിലും അതിനും ഈജിപ്ത് പരമാവധി വിലങ്ങ് സൃഷ്ടിക്കാൻ ശ്രമം നടത്തി. അതേസമയം ഇസ്രയേലിനോടുള്ള നിലപാടിൽ മാറ്റം വരുത്താനോ വെല്ലുവിളികൾക്ക് മുമ്പിൽ തലകുനിക്കാനോ ഹമാസിന്റെ നേതൃത്വത്തിൽ ഗസ്സയിലെ സാധാരണക്കാർ ഉൾപ്പെടെയുള്ളവർ തയാറായിരുന്നില്ലെന്നത് ശ്രദ്ധേയമാണ്.

കഴിഞ്ഞ നാല് വർഷത്തിനിടെ ഉപരോധം ലംഘിച്ച് ഇസ്രയേലിന്റെയും ഈജിപ്തിന്റെയും ഭീഷണികൾ മുഖവിലക്കെടുക്കാതെ ഹമാസ് ഭരണകൂടത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മുന്നോട്ട് വന്ന മനുഷ്യാവകാശ പ്രവർത്തകർക്ക് ഏറ്റവും വലിയ ഭീഷണിയായിരുന്നു റഫാ അതിർത്തി അടച്ചുകൊണ്ടുള്ള ഈജിപ്തിന്റെ നടപടി. ബ്രിട്ടീഷ് പാർലമെന്റേറിയനായിരുന്ന ജോർജ് ഗലാവോ ഉൾപ്പെടെയുള്ളവർ നയിച്ച ദുരിതാശ്വാസ സംഘങ്ങളും ഗസ്സ ടു ഏഷ്യാ കാരവൻ പ്രതിനിധികളും റഫാ അതിർത്തിയിൽ തുല്യതയില്ലാത്ത പ്രയാസങ്ങളാണ് നേരിട്ടത്.

ശ്വാസം മുട്ടി കഴിയുന്ന ജന്മനാട്ടിൽനിന്നും നാല് വർഷത്തെ ഇടവേളക്ക് ശേഷം പുറംലോകത്തേക്ക് വഴിതുറന്ന് കിട്ടിയത് ഹമാസിന് വർധിച്ച വിപ്ലവ വീര്യം പകരുമെന്നുറപ്പ്. പുതിയ സാഹചര്യത്തിൽ ജനങ്ങളുടെ പോക്ക് വരവ് എളുപ്പമാകും. ഗസ്സ പൂർണമായും ഹമാസ് നിയന്ത്രണത്തിലായതോടെ ഏറെക്കുറെ പൂർണമായും അടഞ്ഞുകിടന്ന റഫാ അതിർത്തിയിലൂടെ ഇനി മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്കും 40 വയസിന് മുകളിലുള്ള പുരുഷന്മാർക്കും നിരുപാധികം യാത്ര ചെയ്യാൻ കഴിയും. സ്ത്രീകൾക്കുള്ള യാത്രാനിയന്ത്രണം പൂർണമായും എടുത്തുകളഞ്ഞു. അതേസമയം 18നും 40നും ഇടയിൽ പ്രായമുള്ള പുരുഷന്മാർക്ക് ഈജിപ്ത് വിസ നേടിക്കൊണ്ട് മാത്രമേ അതിർത്തി കടക്കാൻ കഴിയൂ. മുല്ലപ്പൂ വിപ്ലവത്തിന് ശേഷം ഈജിപ്തിലെത്തിയ ലോകപ്രശസ്ത പണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവി തന്റെ വിഖ്യാതമായ ജുമുഅ ഖുത്ബയിൽ പുതിയ ഈജിപ്ത് സർക്കാറിന് മുന്നിൽ വെച്ച പ്രധാന ആവശ്യങ്ങളിലൊന്നായിരുന്നു റഫാ അതിർത്തി തുറന്നുകൊടുക്കണമെന്നത്. ഈജിപ്തിലെ സർക്കാന്റെ നയനിലപാടുകൾ പതിയെ മാറിത്തുടങ്ങുകയാണ്. ഈജിപ്തിലെ മാറ്റങ്ങൾ മുസ്‌ലിം ലോകത്തിന് വലിയ പ്രതീക്ഷകളും പ്രത്യാശകളുമാണ് നൽകുന്നത്. ■



■ റഫാ അതിർത്തി കവാടം